## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1193 30.09.2016-ലെ മറുപടിക്ക്

**മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിർമ്മിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സ്**

**ചോദ്യം**

ശ്രീ. ആർ. രാജേഷ്

**ഉത്തരം**

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | മാവേലിക്കര കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ എം.എൽ.എ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ച ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ; | (എ) | ടെൻഡർ നടപടി പൂർത്തീകരിച്ച് പ്രവൃത്തി തുടങ്ങിയ സമയത്ത് മുൻസിപ്പാലിറ്റിയിൽ നിന്നും നിർമ്മാണത്തിന് സ്റ്റേ ഓർഡർ നൽകിയതിനാൽ തുടർന്നുള്ള പ്രവൃത്തികൾ താത്ക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. |
| (ബി) | ഡിപ്പോ പ്രവർത്തിക്കുന്ന സ്ഥലത്തിന്റെ വിശദാംശങ്ങളും പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥതയുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവും ലഭ്യമാക്കുമോ? | (ബി) | മാവേലിക്കര താലൂക്കിൽ, മാവേലിക്കര വില്ലേജിൽ റീ-സർവ്വേ നം. 65, 67, 47, 48, 49, 51, 52, 53, 54 പ്രകാരം 63.08 ആർ (1 ഏക്കർ 55 സെന്റ്) സ്ഥലത്താണ് മാവേലിക്കര ഡിപ്പോ പ്രവർത്തിച്ചു വരുന്നത്. ടി സ്ഥലം നാളിതുവരെ കെ.എസ്.ആർ.റ്റി.സി.യുടെ ഉടമസ്ഥതയിൽ ആയിട്ടില്ല. ഉടമസ്ഥതയിൽ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ഇതു സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ